**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 38** | **22-02-2022 - ൽ മറുപടിയ്ക്ക്**

**കൃഷി അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **Shri. Pinarayi Vijayan (മുഖ്യമന്ത്രി)** | |
| (എ) | കർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് . ലിസ്റ്റ് I, ലിസ്റ്റ് II എന്നിങ്ങനെ രണ്ട് റാങ്ക് പട്ടികകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് . ലിസ്റ്റ് I-ൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലിസ്റ്റ് II-ലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. ലിസ്റ്റ് I (i) കേരള കാർഷിക സർവകലാശാലയിൽ നിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യമായ യോഗ്യതയോ. ലിസ്റ്റ് II (ii)അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് മുകളിൽ വിവരിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ. (iii) (1) കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ. സി യോ തത്തുല്യ യോഗ്യതയോ അല്ലെങ്കിൽ (2)എസ്.എസ്.എൽ.സി യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ (3)കൃഷി ഐശ്ചിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബേസിക് സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; എത്ര ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടുള്ള മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | റിപ്പോർട്ട് ചെയ്തിട്ടുള്ള 251 ഒഴിവുകളിലേക്ക് പി. എസ്. സി നിയമനശിപാർശ നൽകിയിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള 12 ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 16 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും അർത്ഥനാപത്രത്തിലെ ന്യൂനതകൾ കാരണം നടപടി സ്വീകരിച്ചിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഈ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ